## പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 2844 20.07.2011 -ൽ മറുപടിയ്ക്ക്

## കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| എ) | കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്, തദ്ദേശ വാസികൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവിനെക്കുറിച്ച് ആശങ്കയുള്ളതായി കമ്മ്യൂണിറ്റി റിസർവ്, പ്രതിരോധ സമിതിയും മറ്റു നിവാസികളും നിവേദനം സമർപ്പിച്ചിട്ടുണ്ട്. |
| ബി) | കമ്മ്യൂണിറ്റി റിസർവ്വിന്റെ നിബന്ധനകൾ മൂലം നാട്ടുകാർക്ക് സ്വന്തം ഉടമസ്ഥതയിലുള്ള ഭൂമി ക്രയവിക്രയം ചെയ്യുന്നതിലും, പരിപാലിക്കുന്നതിലും അനുഭവപ്പെടുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | കമ്മ്യൂണിറ്റി റിസർവിന്റെ പരിധിയിൽ സ്വന്തം ഉടമസ്ഥതയിലുള്ള ഭൂമി നിയമങ്ങൾക്കനുസൃതമായി ക്രയവിക്രയം ചെയ്യുന്നതിലും, പരിപാലിക്കുന്നതിലും യാതൊരു തടസ്സവും ഉണ്ടാകുന്നില്ല. |
| സി) | വന്യജീവികൾ മൂലം അവർക്ക് സ്വൈര്യജീവിതം നഷ്ടപ്പെടുന്ന കാര്യം അറിയാമോ ; | സി) | കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ് നിലവിൽ വന്നതുകൊണ്ട് വന്യജീവികൾ മൂലം ജനങ്ങളുടെ സ്വൈര്യജീവിതം നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | ഒരു പ്രത്യേക രാഷ്ട്രീയ കക്ഷിയുടെ പ്രതിനിധികളെ മാത്രം ഉൾപ്പെടുത്തി പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി റിസർവ്വ് മാനേജിംഗ് കമ്മിറ്റിയുടെ കഴിഞ്ഞകാല പ്രവർത്തനത്തെക്കുറിച്ച് അന്വേഷണം നടത്താമോ ? | ഡി) | കടലുണ്ടി-വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തുകൾ ശുപാർശ ചെയ്ത അംഗങ്ങളെ ഉൾപ്പെടുത്തിയാണ് സർക്കാർ ഉത്തരവ് പ്രകാരം കമ്മ്യൂണിറ്റി റിസർവ് മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. കമ്മിറ്റിയുടെ പ്രവർത്തനത്തെക്കുറിച്ച് ആവശ്യമമെന്ന് കണ്ടാൽ അന്വേഷണം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ